**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2730** **22-01-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | 2019-2020 സംസ്ഥാന ബജറ്റിൽ നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ്, മൂത്തേടം, പോത്തുകൽ, അമരമ്പലം, കരുളായി പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിന് ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് 1394-ാം ക്രമ നമ്പരായി പത്ത് കോടി രൂപ അനുവദിച്ച വിവരം വനംവകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഫയൽ നടപടി എവിടെവരെയായി; പത്ത് കോടിയുടെ 20% തുക വകയിരുത്തിയിട്ടും ഫയൽ നടപടി വൈകുന്നതിന് കാരണമെന്താണ്; വ്യക്തമാക്കുമോ; | (എ) | 2019-2020 സംസ്ഥാന ബജറ്റിൽ നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ്, മൂത്തേടം, പോത്തുകൽ, അമരമ്പലം, കരുളായി പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിന് ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് 1394-ാം ക്രമ നമ്പരായി പത്ത് കോടി രൂപ അനുവദിച്ച വിവരം വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി 2019-2020-ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ "ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ' എന്ന നിലയിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നിരുന്നാലും ഈ പദ്ധതിയിൽ ഈ ഡിവിഷനുകീഴിൽ വരുന്ന അമരമ്പലം, കരുളായി, പൂത്തേഴം പഞ്ചായത്തുകളിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗിന്റെ അടങ്കൽ തയ്യാറാക്കി വരുന്നു. ഈ ഫയലിൽ നടപടി വൈകിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലമ്പൂർ സൗത്ത് ഡി.എഫ്.ഒ. യും & നോർത്ത് ഡി.എഫ്.ഒ. യും 2020 ജൂലൈ മാസത്തിൽ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ? | (ബി) | പോത്തുകൽ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ പാലക്കുഴി മുതൽ കോടാലിപൊയിൽ കോളനി വരെയും നെല്ലിക്കുത്തി ഫോറസ്റ്റ് പരിധിയിലെ ആനമറി മുതൽ തമ്പാർപൊട്ടി വരെ (5.5 കിമീ), ആനമറി മുതൽ അട്ടി വരെ (4.കി.മീ), അട്ടി മുതൽ കുട്ടിലപ്പാറ വരെ (12 കി.മീ) ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടങ്കൽ തയ്യാറാക്കി ജോലികൾ ഉടൻ ടെണ്ടർ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ